കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**www.ksad.kerala.gov.in**

# കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി4-312/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.14.05.2020
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൃഷ്ണപുരം ഗ്രാമപ്പഞ്ചായത്ത്

സർ,

വിഷയം : കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൃഷ്ണപുരം ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ എല്ലാ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി4-312/2020 **തീയതി : 14.05.2020**

**ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(***1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4), 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപ്പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.12.2018 മുതൽ 12.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | കെ.വി.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 13.01.2020 മുതൽ<br>22.01.2020 വരെ | ശ്രീ.ബി.ലിജിലാൽ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി.മായാദേവി.സി.എസ്,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സുഷ.റ്റി.പിള്ള,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.മനേഷ് കുമാർ.ജി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി.ബി.വിജയമ്മ | 01.04.2018 മുതൽ 31.03.2019വരെ |

**2.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. ഐ.റഫീക്ക് | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി.ഷാമിലാ ബഷീർ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.ശിഖാ.ജി.കൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി.രാധാമണി രാജൻ | 01.04.2018 മുതൽ 31.03.2019 വരെ |

**3) സെക്രട്ടറി**

| | |
|---|---|
| ശ്രീമതി.ഡി.എസ്.ആദില | 01.04.2018 മുതൽ 05.05.2018 വരെ |
| ശ്രീ.ഗിരീഷ് ബാബു (അസി.സെക്രട്ടറി) ഇൻ ചാർജ്ജ് | 06.05.2018 മുതൽ 06.06.2018 FN വരെ |
| ശ്രീമതി.ഡി.എസ്.ആദില | 06.06.2018 AN മുതൽ 31.03.2019 വരെ |

**4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ധനലക്ഷ്മി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.രമ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കൃഷ്ണപ്രിയ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ആനന്ദ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അരുൾ ജ്യോതി, | 01.04.2018 മുതൽ 18.07.2018 വരെ |
| | ഡോ.ഗീത | 19.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഡോളി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.മേരി സുധ | 01.04.2018 മുതൽ 22.06.2018 വരെ |
| | ശ്രീ.വിനോദ് | 23.06.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്സ്, | ശ്രീമതി.വി.എൻ.ഉഷാ കുമാരി | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഗവ. എൽ.പി.എസ്, കുന്നം. | | |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ജിത്തു രാജ്.ആർ | 01.04.2018 മുതൽ 20.07.2018 വരെ |
| | (ഒഴിവ് ) | 21.07.2018 മുതൽ 12.09.2018 വരെ |
| | ശ്രീ.നന്ദു.ജി.എച്ച് | 13.09.2018 മുതൽ 02.01.2019 വരെ |
| | ശ്രീമതി.ഷേർളി | 03.01.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഷൈലജ | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.രജിത്ത് കമാൽ | 01.04.2018 മുതൽ 29.05.2018 വരെ |
| | ശ്രീമതി.രാജലക്ഷമി.എസ് | 30.05.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗിരീഷ് ബാബു | 01.04.2018 മുതൽ 21.06.2018 വരെ |
| | ശ്രീ.ബി.നവാസ് | 22.06.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമനമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | പ്രമുഖ വാണിജ്യസ്ഥാപനത്തിന്റെ കെട്ടിടങ്ങൾക്ക് നികുതി ചുമത്താതിരിക്കുകമൂലം പഞ്ചായത്തിന് ഭീമമായ നഷ്ടം. |
| 13 | 1-13 | ടെണ്ടർ ഫീസ് - പഞ്ചായത്തിന് ലഭിക്കുവാനുള്ളത് 1.92 ലക്ഷം രൂപ |

| | | |
|---|---|---|
| 14 | 1-14 | യു.എ നമ്പരിട്ടു നൽകിയ കെട്ടിടത്തിന്റെ ഉടമയിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 15 | 1-15 | റേഷൻ കടകൾ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കുന്നില്ല |
| 16 | 1-16 | ഉണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ ഓവർ ഹെഡ് ചാർജ്ജിനത്തിനുള്ള കുറവ് വരുത്തിയില്ല - 18691/- രൂപയുടെ അധിക ചെലവ് |
| 17 | 1-17 | ഫില്ലിംഗിന്റെ ടേപ്പ്മെഷർമെന്റ് അളവിൽ നിന്നും നിയമാനുസൃത കുറവു വരുത്താതിരിക്കുകവഴി 14059/- രൂപ അധികചെലവ് |
| 18 | 1-18 | പ്രവൃത്തി അധിക അളവിൽ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക പിൻവലിച്ചു - 13080/- രൂപയുടെ അധിക ചെലവ്. |
| 19 | 1-19 | തൊഴിലുറപ്പ് പദ്ധതി - GST (TDS) ഇനത്തിലുള്ള കുറവു വരുത്താതെ കരാറുകാർക്ക് തുക അനുവദിച്ചു. |
| 20 | 1-20 | നികുതികൾ ഇനത്തിലുള്ളതുക ഒടുക്കുവരുത്താതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൌണ്ടിൽ സൂക്ഷിക്കുന്നു. |
| 21 | 1-21 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ സക്ഷ്യപത്രം ഹാജരാക്കിയില്ല |
| 22 | 1-22 | തെരുവ് വിളക്കുകളുടെ എണ്ണം , ഇനം എന്നിവ സംബന്ധിച്ച സംയുക്ത പരിശോധന നടത്തിയില്ല |
| 23 | 1-23 | പകൽവീട് സംഗമം - സംഗമം നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല |
| 24 | 1-24 | ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായികമത്സരം - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല |
| 25 | 1-25 | ഒരേ സാമ്പത്തിക വർഷം രണ്ടു പ്രാവശ്യം ലീവ് സറണ്ടർ അനുവദിച്ചു |
| 26 | 1-26 | 2017-18 വർഷം ലഭിച്ച സ്കോളർഷിപ്പ് തുക ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു |
| 27 | 1-27 | മുൻകൂർ തുക കൈപ്പറ്റിയ സ്ഥാപനം പ്രോജക്ട് പ്രകാരം നൽകിയ തുകയ്ക്ക് മരുന്ന് സപ്ലൈ ചെയ്തിട്ടില്ല. |
| 28 | 1-28 | ലൈഫ് പദ്ധതി - അവലോകനം |
| 29 | 1-29 | ഇഎംഎസ് ലോൺ -സോഴ്സ് ഡിഡക്ഷൻ പരിഗണിക്കാതെ തുക അടച്ചു |
| 30 | 1-30 | ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല |
| ഭാഗം – 2 | | |
| ഇല്ല. | | |
| ഭാഗം – 3 | | |
| 31 | 3-1 മുതൽ 3-3 വരെ | ഉണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ ഓവർ ഹെഡ് ചാർജ്ജിനത്തിനുള്ള കുറവ് വരുത്തിയില്ല - 18691/- രൂപയുടെ അധിക ചെലവ് |
| 32 | 3-2 | ഫില്ലിംഗിന്റെ ടേപ്പ്മെഷർമെന്റ് അളവിൽ നിന്നും നിയമാനുസൃത കുറവു വരുത്താതിരിക്കുകവഴി 14059/- രൂപ അധികചെലവ് |
| 33 | 3-3 | പ്രവൃത്തി അധിക അളവിൽ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക പിൻവലിച്ചു - 13080/- രൂപയുടെ അധിക ചെലവ്. |
| ഭാഗം – 4 | | |
| 34 | 4-1 മുതൽ 4-10 വരെ | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 35 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 36 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 37 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 38 | 4-5 | സ്ഥിര നിക്ഷേപം |

| | | |
|---|---|---|
| 39 | 4-6 | ഓഡിറ്റ് റിക്കവറി |
| 40 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 41 | 4-8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം |
| 42 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 43 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 44 | അനുബന്ധം 1 | |
| 45 | അനുബന്ധം 2 | |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

20.03.2018 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 167563402.53 | 151628500 |
| വാർഷിക കണക്ക് പ്രകാരം | 101050045.92 | 88762999 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി | സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|
| 31.07.2019 | 25.05.2019 | - | - | കെ.എസ്.എ-എ.എൽ.പി-പി4-616/2019 തീയതി: 29.06.2019 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,830,654.92 |
| വരവ് | 97,219,391 |
| ആകെ | 101050045.92 |
| ചെലവ് | 88,762,999 |
| നീക്കിയിരിപ്പ് | 12,287,046.92 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 17005000 | 17005000 | 16264609 | 740391 |
| വികസനഫണ്ട് എസ്.സി.പി. | | | 7131000 | 7131000 | 7101000 | 30000 |
| വികസനഫണ്ട് ടി.എസ്.പി. | | | 275000 | 275000 | 148000 | 127000 |
| സംരക്ഷണഗ്രാന്റ് റോഡ് | | | 6482000 | 6482000 | 5648120 | 833880 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | | 3499000 | 3499000 | 2914172 | 584828 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | 7893000 | 7893000 | 7893000 | |
| പെർഫോമൻസ് ഗ്രാന്റ് | | | | | | |
| എം.എൻ.ആർ. ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | | 44746450 | 44746450 | 44746450 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3875.39 | 655307 | 659182.39 | 652311 | 6871.39 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ഐ.സി.ഡി.എസ് ) | | 530449 | 397225 | 927674 | 784281 | 143393 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് പഞ്ചായത്ത് | 72182<br>145359 | 500000<br>4388129 | 572182<br>4533488 | 459374<br>3265454 | 112808<br>1268034 |
| | ജില്ലാ പഞ്ചായത്ത് | 420000 | 1882456 | 2302456 | 1547998 | 754458 |
| ബി ഫണ്ട് | | 0 | 260400 | 260400 | 260400 | 0 |
| തനത് ഫണ്ട് | Bank- BOI | 1585291 | 6497948 | 8083239 | 3656788 | 4426451 |
| | DCB | 211995.53 | 25059 | 237054.53 | 211356 | 25698.53 |
| | ട്രഷറി ടി.എസ്. .ബിഅക്കൗണ്ട് | 810801 | 19400912 | 20211713 | 17227076 | 2984637.00 |

| | | | | | | |
|---|---|---|---|---|---|---|
| | SBI ഇ-പേയ്മെന്റ് | 70228 | 93340 | 163568 | 71324 | 92244 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 181 | 121891044 | 128 | 70182731 | 0 | 53 | 70.72% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3875.39 | 655307 | 659182.39 | 652311 | 6871.39 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 44746450 | 44746450 | 44746450 | |

### 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 260400 | 129 |
| കർഷകതൊഴിലാളി പെൻഷൻ | 3883600 | 959 |
| വിധവാപെൻഷൻ | 12227200 | 3012 |
| വാർദ്ധക്യകാലപെൻഷൻ | 24755300 | 5976 |
| വികലാംഗപെൻഷൻ | 4342400 | 1016 |
| അവിവാഹിതപെൻഷൻ | 505600 | 123 |

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.01.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51009/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു

സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. പഞ്ചായത്ത് ആസ്തികളിൽ ബ്ലോക്ക് പഞ്ചായത്ത് നേരിട്ടും എം.പി/എം.എൽ.എ ഫണ്ട് ഉപയോഗിച്ചും, തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗിച്ചും നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

4. ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി നല്കുന്ന തുകയുടെ ചെലവ് വിവരം പഞ്ചായത്തിൽ ലഭ്യമാക്കുന്നില്ല. കൈപ്പറ്റിയ തുകയിൽ നല്ലൊരു ഭാഗം നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ മിച്ചം നിൽക്കെ, മുൻകൂർ പൂർണ്ണമായും ചെലവഴിച്ചതായി കാണിച്ചാണ് പഞ്ചായത്തിന്റെ വാർഷിക കണക്ക് തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

5. കരാർ അടിസ്ഥാനത്തിൽ ജോലിനോക്കുന്ന തൊഴിലുറപ്പ് വിഭാഗം ജീവനക്കാരുടെ സേവന പുസ്തകം പരിപാലിയ്ക്കപ്പെടുന്നില്ല

6. പഞ്ചായത്തിന്റെ ഓരോ വാർഡിലും നിലനിൽക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധമായി കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവ് വിളക്കുകളിൽ ഭൂരിഭാഗവും എൽ. ഇ.ഡി യിലേക്ക് മാറിയിട്ടും സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ വർദ്ധിത നിരക്കിൽ കറണ്ട് ചാർജ്ജ് ആണ് നിലവിലും അടച്ച് പോരുന്നത്.

7. ക്യാൻസൽ ചെയ്യുന്ന മാന്വൽ രസീതുകളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

8. പഞ്ചായത്ത് പ്രദേശത്തുള്ള അനധികൃത നിർമ്മാണ പ്രവർത്തികളിന്മേൽ യഥാസമയം തുടർ നടപടി സ്വീകരിയ്ക്കുന്നതിൽ അധികൃതർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ അവസാന തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/12/2019 | 11/2019 | 18/12/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12/04/2012 | 2010-2011,2011-2012 | 12/06/2012 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഇഷ്യൂ ചെയ്ത ഓഡിറ്റ് സർട്ടിഫിക്കറ്റിനൊപ്പം ചൂണ്ടിക്കാട്ടിയ അപാകതകൾക്കു പുറമേ വാർഷിക കണക്കുകളിൻമേൽ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

**1 - കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജൻസി ചെലവുകൾ**

സെക്രട്ടറി നടപ്പാക്കിയ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജൻസി ചെലവുകൾ നൽകൽ (പ്രോജക്ട് നം.195/19) എന്ന പദ്ധതിയ്ക്കായി ചെക്ക് നം.2416229/23.11.18 പ്രകാരം 2,10,000/- രൂപ തനതു ഫണ്ടിൽ നിന്നും പിൻവലിച്ചു. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), കൃഷി ഓഫീസർ, അസി.എഞ്ചിനീയർ, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ(ആയുർവ്വേദം), മെഡിക്കൽ ഓഫീസർ (ഹോമിയോ), ഹെഡ്മിസ്ട്രസ്സ് എന്നീ 7 നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലേക്ക് 30,000/- രൂപ വീതം അഡ്വാൻസ് നല്കിയിട്ടുണ്ട്.

സെക്രട്ടറി നടപ്പാക്കിയ പദ്ധതി ആയിരുന്നിട്ടും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ചെലവ് രേഖകൾ വാങ്ങി

സൂക്ഷിയ്ക്കുകയോ, അവർ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കാതിരിക്കുകയോ ചെയ്തിട്ടും വാർഷിക കണക്കിൽ ഈ തുക പൂർണ്ണമായും ചെലവായികാണിക്കുകയുമാണ് ചെയ്തത്.

മുൻകൂറായി നല്കിയ തുകയുടെ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/17.01.2020) ലഭ്യമാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | അക്കൗണ്ട് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 707031400000139 | 30000 | 0 |
| കൃഷി ഓഫീസർ | 707031400000026 | 30000 | 0 |
| അസി.എഞ്ചിനീയർ | 799011400003899 | 27303 | 2697 |
| വെറ്ററിനറി സർജൻ | 707031400000033 | 30000 | 0 |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 707031400000145 | 20408 | 9592 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 707031400000193 | 23945 | 6055 |
| ഹെഡ്മിസ്ട്രസ്സ് | 707031400000046 | 19620 | 10380 |

മുൻകൂറായി നല്കുന്ന തുകയുടെ അഡ്ജസ്റ്റ്മെന്റ് വൗച്ചറുകൾ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി അഡ്വാൻസ് ക്രമപ്പെടുത്തേണ്ടതും ചെലവിന് ആനുപാതികമായി മാത്രം തുടർ വർഷങ്ങളിൽ തുക അനുവദിയ്ക്കേണ്ടതുമാണ്.

### 1-12 പ്രമുഖ വാണിജ്യസ്ഥാപനത്തിന്റെ കെട്ടിടങ്ങൾക്ക് നികുതി ചുമത്താതിരിക്കുകമൂലം പഞ്ചായത്തിന് ഭീമമായ നഷ്ടം.

പഞ്ചായത്തിന്റെ 2-ാം വാർഡിൽ പ്രവർത്തിക്കുന്ന പ്രമുഖ വാണിജ്യ സ്ഥാപനമായ ശക്തി ട്രെഡേഴ്സിന്റെ അധീനതയിലുള്ള പ്രധാന കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയതിനും അവയുടെ നിർമ്മാണങ്ങൾക്ക് പെർമിറ്റ് എടുത്തതിനും രേഖയില്ല. ഇത് ശ്രദ്ധയിൽപെട്ടതിനെതുടർന്ന് ടി സ്ഥാപനവുമായ ബന്ധപ്പെട്ടുള്ള ഏതെങ്കിലും കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പെർമിറ്റ് എടുക്കാതിരുന്നതു മൂലം നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കാപ്പെട്ടിട്ടുണ്ടെങ്കിൽ ആയതു പരിശോധിക്കുവാനും, സ്ഥലപരിശോധന നടത്തി അനധികൃത നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുള്ളവയും ആയതിന്റെ വിശദാംശം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു. (നം.11/18.01.2020). ഇതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി നടത്തിയ സ്ഥല പരിശോധനയിൽ കെ.പി.റോഡിന്റെ ഇടതുവശത്ത് കിഴക്ക പടിഞ്ഞാറുഭാഗത്തായി ടി സ്ഥാപന ഉടമസ്ഥന്റെ പേരിലുള്ള ഷോപ്പിങ്ങ് കോംപ്ലസിന്റേയും (നിലവിൽ നംപരിട്ടു നൽകിയിട്ടുള്ളത്) വീടിന്റെയും ഇടയിലായി ഗോഡൌണുകളും, വേയ് ബ്രിഡ്ജും പഞ്ചായത്തിന്റെ അനുവാദം കൂടാതെ നിർമ്മിച്ചിട്ടുള്ളതായും സംഭരണശാലയിൽ വിവിധ നിർമ്മാണ സാമഗ്രികൾ സംഭരിച്ച് സൂക്ഷിച്ച വരുന്നതായും സെക്രട്ടറി മറുപടി ലഭ്യമാക്കി. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം (4) ഉപചട്ടം (2) ന് വിരുദ്ധമായി പഞ്ചായത്തിന്റെ പെർമിറ്റ് വാങ്ങാതെ സംഭരണശാല നിർമ്മിച്ചതായി ഓഡിറ്റ് അന്വേഷണത്തെ തുടർന്നുള്ള സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതായും, സംഭരണ ശാലയുടെ നിർമ്മാണത്തിൽ ചട്ടലംഘനം നടന്നതായി ബോധ്യപ്പെട്ടതിനാൽ ആ ഭാഗങ്ങൾ പൊളിച്ച നീക്കുന്നതിനും, നിർമ്മാണം ക്രമവത്കരിക്കുന്നതിനും ആവശ്യപ്പെട്ട് ടി കെട്ടിട ഉടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയതായും സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. (നം $K_2$ -250/2020 dt: 21.01.2020).

ഷോപ്പിംഗ് കോംപ്ലസിലെ കടമുറികൾക്ക് ഉച്ചമായ നികുതി മാത്രമാണ് ചുമത്തിയിട്ടുള്ളത്. സ്ഥാപനം നടത്തിയ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കാതിരുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇതുമൂലം വലിയ സാമ്പത്തിക നഷ്ടം പഞ്ചായത്തിന് ഉണ്ടായിട്ടുണ്ടെന്നതിനാൽ വിഷയത്തിൽ സത്വരമായി ഇടപെടുന്നതിനും, അനധികൃത നിർമ്മാണപ്രവൃത്തിക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനും, പഞ്ചായത്തിന് അർഹമായ നികുതി ഈടാക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. കൂടാതെ സമാനരീതിയിൽ പഞ്ചായത്തു പ്രദേശത്ത് നിർമ്മാണ

പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ എന്നതിൻമേൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും, മേൽ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

### 1-13 ടെണ്ടർ ഫീസ് - പഞ്ചായത്തിന് ലഭിക്കുവാനുള്ളത് 1.92 ലക്ഷം രൂപ

പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കിയ തുക ഓൺലൈനായി എൽ.എസ്.ജി.ഡി, ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരുന്നു. 2015-16 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ 1,92,053/- രൂപയാണ് ഈയിനത്തിൽ പ്രസ്തുത അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്ന ഈ തുക ഓഡിറ്റ് സമയം വരെ (1/2020) തിരികെ ലഭിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ എണ്ണം | ടെണ്ടർ ഫീസിനത്തിൽ ഒടുക്കിയ തുക | ടെണ്ടർ ഫീസിനത്തിൽ തിരികെ ലഭിക്കുവാനുള്ള തുക |
|---|---|---|---|
| 2015-16 | 16 | 60445 | 60445 |
| 2016-17 | 7 | 50790 | 50790 |
| 2017-18 | 7 | 35990 | 35990 |
| 2018-19 | 11 | 44828 | 44828 |
| ആകെ | | | 192053 |

ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട ഈ തുക ഈടാക്കുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

### 1-14 യു.എ നമ്പരിട്ടു നൽകിയ കെട്ടിടത്തിന്റെ ഉടമയിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ 13-ാം വാർഡിലെ ശ്രീ. ബാലൻ/സുധീഷ്, നെടുംപുരയിടം, തെക്ക് കൊച്ചുമുറി എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 2016-17 വർഷം 13/1 എന്ന യു.എ നമ്പർ നൽകുകയും ടിയാൻ 1226/- രൂപ നികുതിയിനത്തിൽ ഒടുക്കു വരുത്തുകയും ചെയ്തിരുന്നു. എന്നാൽ ഈ കെട്ടിടത്തിന്റെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താതിരുന്നതുമൂലം തുടർവർഷങ്ങളിൽ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (നം.12/18.01.2020) പ്രസ്തുത കെട്ടിടവിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയതായി സെക്രട്ടറി മറുപടി നൽകി. 2017-18, 2018-19 വർഷങ്ങളിലെ നികുതി കുടിശ്ശികയിനത്തിലുള്ള 2452/- രൂപ (1226x2) കെട്ടിട ഉടമയിൽ നിന്നും ഈടാക്കാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

### 1-15 റേഷൻ കടകൾ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 13 റേഷൻ കടകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കടകൾ ലൈസൻസി ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | എ.ആർ.ഡി.നമ്പർ | ലൈസൻസിയുടെപേരുവിവരങ്ങൾ |
|---|---|---|
| 1 | 17 | സിന്ധു,കൃഷ്ണമന്ദിരം,ഞക്കനാൽ |
| 2 | 18 | ഷീല.എസ്.,ശ്രീനിലയം, ഞക്കനാൽ |
| 3 | 19 | ലത രമേശ്, നടേശ മന്ദിരം, കൃഷ്ണപുരം |

| | | |
|---|---|---|
| 4 | 22 | സെക്രട്ടറി, എസ്.ഇ.എസ്., കാപ്പിൽ |
| 5 | 23 | വി.എസ്.സുരേഷ്, വിജയപുരത്ത്, കൃഷ്ണപുരം |
| 6 | 24 | പങ്കജം രഘു, വെളിയിൽ ഹൌസ്, കൃഷ്ണപുരം |
| 7 | 25 | ജി.വിദ്യാധരൻ, അമ്പി തെക്കേതിൽ, കാപ്പിൽ മേക്ക് |
| 8 | 26 | കെ.എൽ. വിജയമ്മ, ചെമ്മാത്തിൻതെക്കേതിൽ, പെരിങ്ങാല |
| 9 | 27 | ഉദയഭാനു.എം.എൻ. മുട്ടത്ത് വീട്, പെരിങ്ങാല |
| 10 | 28 | അജിത് കുമാർ.കെ.ജെ.കുമ്പളത്ത്, പെരിങ്ങാല ഈസ്റ്റ് |
| 11 | 247 | റഷീദാ ബീവി, വാഴവിള വടക്കേതിൽ, കൃഷ്ണപുരം |
| 12 | 263 | രാധാകൃഷ്ണൻ നായർ, കളത്തിൽ ഹൌസ്, പെരിങ്ങാല പി.ഒ |
| 13 | 265 | ഷംലത്ത് ബീഗം, കൊക്കാട്ട് തറയിൽ, പെരിങ്ങാല, കായംകുളം |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ ഇനത്തിലുള്ള നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-16 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ ഓവർ ഹെഡ് ചാർജ്ജിനത്തിനുള്ള കുറവ് വരുത്തിയില്ല - 18691/- രൂപയുടെ അധിക ചെലവ്

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും, അങ്ങനെയുള്ള പ്രവൃത്തികളുടെ നികുതി ബാധ്യത ഗുണഭോക്തൃസമിതികൾക്കു തന്നെ ആയിരിക്കുമെന്നും GO(P)30/2016/Fin/29.02.16-ാം നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. 01.07.2017 മുതൽ വാറ്റിനുപകരം GST നിലവിൽ വന്നതിനാൽ ആയിനത്തിലുള്ള 5% തുക കുറവു ചെയ്ത് ഗുണഭോക്തൃസമിതിക്ക് ഫൈനൽ ബിൽ തുക നൽകിയാൽ മതിയെന്ന് $DB_3$ – 9058/17/CE/LSG/16.03.2018-ാം നമ്പർ കത്തിൽ ചീഫ് എൻജിനീയർ സ്പഷ്ടീകരണം നൽകിയിരുന്നു. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾക്കൊള്ളിച്ചിരുന്നുവെങ്കിലും 5% നികുതി ബാധ്യത ഇതിൽ നിന്നും കുറവ് ചെയ്യാതെ ഫൈനൽ ബിൽ മുഖേന തുക അനുവദിച്ചതിനാൽ 18691/- രൂപയുടെ അധികചെലവുണ്ടായി.

(എ) <u>ഉണക്കയ്യത്ത് മെറ്റലിംഗ് & ടാറിങ്ങ് (പ്രോജക്ട് നം.120/17)</u>

കൺവീനർ : ശ്രീകുമാർ

എഗ്രിമെന്റ് നം. : 51/16-17/31.03.17

മൂല്യനിർണ്ണയതുക : 254945

അളവുപുസ്തകനം. : 20/17-18

ട്രഷറി ബിൽ നം. & തീയതി. : 2/25.05.2018

5% ഓവർഹെഡ് ചാർജ്ജിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്ന തുക – 254945 x 5% = 12747/-

(ബി) 37-ാം നമ്പർ അങ്കണവാടി 2-ാം ഘട്ട പുനരുദ്ധാരണം (പ്രോജക്ട് നം. 169/19)

കൺവീനർ : അജിതകുമാരി

എഗ്രിമെന്റ് നം. : 48/17-18/31.03.18

മൂല്യനിർണ്ണയതുക : 118875

അളവുപുസ്തകനം. : 6/17-18

ട്രഷറി ബിൽ നം. & തീയതി. : 31/12.03.2019

5% ഓവർഹെഡ് ചാർജ്ജിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്ന തുക – 118875 x 5% = 5944/-

ഈ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/18.01.2020) ഓവർ ഹെഡ് ഇനത്തിൽ അധികമായി നൽകിയ തുക കൺവീനർമാരിൽ നിന്നും തിരിച്ച് പിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി നൽകി. ആകയാൽ അധിക ചെലവുതുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കൺവീനർമാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

### 1-17 ഫില്ലിംഗിന്റെ ടേപ്പ്മെഷർമെന്റ് അളവിൽ നിന്നും നിയമാനുസൃത കുറവു വരുത്താതിരിക്കുകവഴി 14059/- രൂപ അധികചെലവ്

പ്രോജക്ടിന്റെ പേരും, നമ്പരും - പവ്വടത്ത് കോളനി റോഡ് ഫില്ലിംഗ് (71/19)

കരാറുകാരൻ - ശ്രീ.അബ്ദുൽമജീദ്ഖാൻ

എഗ്രിമെന്റ് നം./തീയതി - 5/18-19/01.01.18

മൂല്യനിർണ്ണയതുക - 198021

അളവുപുസ്തക നം. - 12/18-19

ട്രഷറിബിൽ നം./തീയതി - 29/31.12.18

ഈ പ്രവൃത്തിയുടെ 2-ാം ഇനമായി 159.185m$^3$ ഗ്രാവൽ ഫില്ലിംഗിന് 911.34/- രൂപ നിരക്കിൽ 145071.65/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പ്രീമെഷർമെന്റ് നടത്തിയാണ് ഫില്ലിംഗിന് തുക അനുവദിച്ചിട്ടുള്ളത്. ടേപ്പ് മെഷർമെന്റ് വഴിയാണ് ഗ്രാവൽഫില്ലിംഗിന്റെ പ്രീമെഷർമെന്റ് എടുത്തതെങ്കിലും ഇപ്രകാരം കണ്ടെത്തിയ അളവിൽ നിന്നും ടേപ്പ്മെഷർമെന്റ് നടത്തുന്നതുമൂലമുള്ള 10% കുറവ് വരുത്തിയിട്ടില്ല. പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ മറ്റ് ഫില്ലിംഗ് പ്രവൃത്തികളിൽ ടേപ്പ്മെഷർമെന്റ് അളവിൽ നിന്നും 10% കുറവു വരുത്തിയാണ് കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഇപ്രകാരം കുറവു വരുത്താതിരിക്കുകവഴി 14,509/- രൂപയുടെ (15.92 x 911.34) അധികചെലവുണ്ടായി. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/18.01.20) ടേപ്പ്മെഷർമെന്റ് അളവിൽ നിന്നും 10% കുറവു വരുത്തുവാൻ വിട്ടുപോയതാണെന്നും, ഇതുവഴി അധികമായി നൽകിയ 14509/- രൂപ കരാറുകാരന്റെ സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും തിരിച്ചുപിടിക്കുന്നതാണെന്നും അസി.എഞ്ചിനീയർ മറുപടി നൽകി. ആകയാൽ അധിക ചെലവു തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-18 പ്രവൃത്തി അധിക അളവിൽ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക പിൻവലിച്ചു - 13080/- രൂപയുടെ അധിക ചെലവ്.

പ്രോജക്ടിന്റെ പേരും നമ്പരും - കാട്ടിൽമുക്ക് - തോണ്ടുതറ ചിറയിൽ കാട്ടിൽ റോഡ്

മെറ്റലിങ്ങും ടാറിങ്ങും (146/19)

കരാറുകാരൻ - ശ്രീ.മനോജ്.ആർ

എഗ്രിമെന്റ് നം./തീയതി - 29/17-18/20.01.18

മൂല്യനിർണ്ണയതുക - 604435.58

അളവുപുസ്തക നം. - 16/18-19

ട്രഷറിബിൽ നം./തീയതി - 30, 40/12.03.19

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 4-ാം ഇനമായി ഉൾപ്പെടുത്തിയിരുന്ന Wetmix meccadam (providing laying, spreading and compacting graded stone ............ and Technical specification code 406) എന്ന വേല 101.7m$^3$ അളവിൽ നിർവ്വഹിച്ചു എന്നാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് (പേജ് നം.5) ഫയലിനിനോടൊപ്പമുള്ള Final level quantity calculation statement ലും ഈ പ്രവൃത്തിയുടെ അളവ് 101.7m$^3$ മാത്രമാണ്. എന്നാൽ മൂല്യനിർണ്ണയം നടത്തിയപ്പോഴാകട്ടെ പ്രസ്തുത പ്രവൃത്തിയുടെ അളവ് 106.06m$^3$ എന്ന് രേഖപ്പെടുത്തി 3000/m$^3$ നിരക്കിൽ 318180/- രൂപ കരാറുകാരന് അനുവദിച്ചു. എന്നാൽ ഇതിലേക്കായി തയ്യാറാക്കിയ ഫൈനൽ ബില്ലിലാകട്ടെ ഈ പ്രവൃത്തി 101.7m$^3$ അളവിൽ നിർവ്വഹിച്ചതായി കാണിച്ച് മൂല്യം 305100/- രൂപ എന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 604435.58/- രൂപ ആണെങ്കിലും Memorandum of payment - ൽ ഇത് 617516/- രൂപ എന്ന് രേഖപ്പെടുത്തി തുക പിൻവലിച്ചിട്ടുണ്ട്. 4-ാം ഇനമായി നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് ഫൈനൽ ലെവൽ കാല്ക്കുലേഷൻ സ്റ്റേറ്റ്മെന്റിലും, അളവുപുസ്തകത്തിലും 101.7m$^3$ മാത്രമായിരിക്കെ 106.06 m$^3$ ന് തുക അനുവദിക്കുകവഴി 13080/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട് (4.36 x 3000). ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/18.1.2020) ഈ പ്രവൃത്തിയുടെ Wetmix mecadam അളവ് ലവൽ കാല്ക്കുലേഷനിലും, അളവു പുസ്തകത്തിലും 101.7m$^3$ ആണെങ്കിലും ബ്ലോക്ക് ഓഫീസിൽ ചെക്ക് മെഷർമെന്റിനായി നൽകിയപ്പോൾ 106.06m$^3$ എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് അധിക തുക നൽകാൻ ഇടയായതെന്ന് അസി.എഞ്ചിനീയർ മറുപടി നൽകി. കരാറുകാരന് അധിമായി നൽകിയ 13080/- രൂപ ടിയാന്റെ സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അധിക ചെലവ് തുകയായ 13080/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരമറിയിക്കാത്തപക്ഷം അധിക ചെലവിന് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായിരിക്കുന്നതാണ്.

### 1-19 തൊഴിലുറപ്പ് പദ്ധതി - GST (TDS) ഇനത്തിലുള്ള കുറവു വരുത്താതെ കരാറുകാർക്ക് തുക അനുവദിച്ചു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. സപ്ലൈ ചെയ്ത സാധനങ്ങളുടേതായി സെക്രട്ടറിയുടെ പേരിൽ കരാറുകാർ ഹാജരാക്കിയ ബില്ലിൽ GST ഇനത്തിലുള്ള തുകയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. GST രജിസ്ട്രേഷനുള്ള കരാറുകാരിൽ നിന്നും 2.5 ലക്ഷം രൂപയ്ക്കുമേലുള്ള വാങ്ങലുകൾക്ക് ബിൽ തുകയുടെ 2% റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കി കരാറുകാരുടെ പേരിലുള്ള GST അക്കൌണ്ടിലേക്ക് ഒടുക്കുവരുത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. (കേന്ദ്ര സർക്കാരിന്റെ 13.09.2018 ലെ 50/2018 /സെൻട്രൽ ടാക്സ് നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 2% തുക റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കണമെന്നതിന് 01.10.2018 മുതൽ പ്രാബല്യം ഉണ്ട്.) റ്റി.ഡി.എസ് ഈടാക്കാതിരുന്ന 2.5 ലക്ഷം രൂപയ്ക്കു മുകളിലുള്ള വാങ്ങലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സപ്ലൈ ചെയ്ത സാധനവില | റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|
| 1 | എൽ.എച്ച്.വയനകം കളീക്കൽ റോഡ് കോൺക്രീറ്റിംഗ് | ജയചന്ദ്രൻ | 429928 | 8599 |
| 2 | നടേശ്ശേരിൽ കോളശ്ശേരിൽ റോഡ് കോൺക്രീറ്റിംഗ് | ജയചന്ദ്രൻ | 440173 | 8803 |

| | | | | |
|---|---|---|---|---|
| 3 | കൊടിത്തറമുക്ക് ചൂളൂർമുക്ക് റോഡ് കോൺക്രീറ്റിംഗ് | ,, | 444892 | 8898 |
| 4 | നടേശ്ശേരിൽ മണ്ണാമുറി റോഡ് കോൺക്രീറ്റിംഗ് | ,, | 350098 | 7002 |
| 5 | കോളശ്ശേരിൽ വലിയതറ റോഡ് കോൺക്രീറ്റിംഗ് | ,, | 386136 | 7723 |
| 6 | കൈരളിമുക്ക് മുതൽ കൊച്ചുകളത്തിൽ അരുൺഭവനം - കോടാലിത്തറവരെ റോഡ് കോൺക്രീറ്റിംഗ് | ,, | 896468 | 17929 |
| 7 | കേക്ക് പാലം മുതൽ തോപ്പിൽ മുക്ക് റോഡ് കോൺക്രീറ്റിംഗ് | ,, | 271229 | 5425 |
| 8 | ഗുരുമന്ദിരം - വത്തുകപ്പള്ളിൽ റോഡ് കോൺക്രീറ്റിംഗ് | ,, | 330124 | 6602 |
| 9 | മുണ്ടകത്തറ മുതൽ -CPCRI വരെ റോഡ് കോൺക്രീറ്റിംഗ് | ,, | 435156 | 8703 |
| 10 | ഇലമ്പടത്ത് - കോളശ്ശേരിൽ റോഡ് കോൺക്രീറ്റിംഗ് | ,, | 437661 | 8753 |
| 11 | കൊട്ടോളിൽ മുക്ക് മേനാത്തേരിൽ റോഡ് കോൺക്രീറ്റിംഗ് | ,, | 722728 | 14455 |
| 12 | ട്രാൻസ്ഫോർമർ മാവിലിശ്ശേരിൽ റോഡ് കോൺക്രീറ്റിംഗ് | അനിൽകുമാർ | 447815 | 8956 |
| 13 | നടുമത്ത്ശ്ശേരിൽ റോഡ് കോൺക്രീറ്റിംഗ് | ,, | 293973 | 5879 |
| 14 | ചാലുക്കുറ്റി - ഹെൽത്ത് സെന്റർ റോഡ് കോൺക്രീറ്റിംഗ് | ,, | 455274 | 9105 |
| 15 | അങ്കണവാടി കണ്ടത്തിൽതറ വാത്തിപറമ്പ് റോഡ് കോൺക്രീറ്റിംഗ് | ,, | 729174 | 14583 |
| 16 | K P റോഡ് - കൊച്ചുവേലിൽ റോഡ് കോൺക്രീറ്റിംഗ് | ,, | 308695 | 6174 |

| | | | | |
|---|---|---|---|---|
| | | | ആകെ | 147589 |

റ്റി.ഡി.എസ് ഈടാക്കാതിരുന്നതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/20.01.2020) സാധനസാമഗ്രികൾ ദീർഘനാളത്തേക്ക് കടമായിട്ടാണ് ലഭ്യമാക്കിയിട്ടുള്ളതെന്നതിനാലും, തുക എന്ന് ലഭിക്കുമെന്ന് അനിശ്ചിതത്വമുള്ളതിനാലും 2% തുക കൂടി മുൻകൂറായി ഒടുക്കുവാൻ വെണ്ടർമാർ തയ്യാറാകുന്നില്ല എന്നാണ് അക്രഡിറ്റഡ് എന്ജിനീയർ മറുപടി നൽകിയത്. എന്നാൽ റ്റി.ഡി.എസ് ഈടാക്കേണ്ടത് നിയമപരമായ ബാധ്യതയായതിനാൽ മറുപടി അംഗീകരിക്കുന്നില്ല. കരാറുകാർ ബില്ലിൽ ഉൾപ്പെട്ട തുകയുടെ GST ഒടുക്കുവരുത്തിയെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തപക്ഷം അവരിൽ നിന്നും TDS ഇനത്തിലുള്ള തുക ഈടാക്കി ഒടുക്ക വരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 നികുതി ഇനത്തിലുള്ളതുക ഒടുക്കുവരുത്താതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

2018-19 വർഷം ഗ്രാമ പഞ്ചായത്ത് പദ്ധതി പ്രവർത്തനങ്ങൾക്കും, ദൈനംദിന ചെലവുകൾ നടത്തുന്നതിനുമായി 2,72,056/- രൂപ പഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള 79901140003889-ാം നമ്പർ സ്പെഷ്യൽ TSB അക്കൌണ്ടിലേക്ക് നൽകിയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 1) പദ്ധതി പ്രവർത്തനങ്ങൾക്ക് | 2,42,056 | 2,13,485 |
| 2) ദൈനംദിനാവശ്യങ്ങൾക്ക് | 30,000 | |
| ആകെ | 2,72,056 | 2,13,485 |

ടി അക്കൌണ്ടിന്റേതായി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2019 ൽ 58,571/- രൂപ മിച്ചം നിൽക്കുന്നു. ഈ അക്കൌണ്ടിലെ വരവ് - ചെലവ് - നീക്കിയിരിപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി സീറോ ബാലൻസ് അക്കൌണ്ടിൽ മിച്ചം നിൽക്കുന്ന തുക ഏതെല്ലാം ഇനങ്ങളിലേതെന്ന് വ്യക്തമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/22.01.2020) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| വാറ്റ് ഇനത്തിൽ അടക്കുവാനുള്ളത് | 31,250 |
| ആദായനികുതിയിനത്തിൽ അടക്കുവാനുള്ളത് | 9,433 |
| KCWWF ഇനത്തിൽ അടക്കുവാനുള്ളത് | 457 |
| ദൈനംദിനാവശ്യങ്ങൾക്കായി ലഭിച്ച തുകയിൽ മിച്ചമുള്ളത് | 17,431 |
| ആകെ | 58,571/- |

നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൌണ്ടിൽ മിച്ചം നിൽക്കുന്ന തുകയുടെ വിവരം പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല. മുൻകൂറായി നൽകിയ തുക മുഴുവൻ ചെലവായി കാണിച്ചതാണിതിനു കാരണം. ആകയാൽ നികുതികൾ ഇനത്തിൽ മിച്ചം നിൽകുന്ന തുക എത്രയും വേഗം ബന്ധപ്പെട്ട അക്കൌണ്ടുകളിലേക്ക് ഒടുക്കുവരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൌണ്ടിലേക്ക്

ക്യാഷ്/ചെക്കായി ലഭിക്കുന്ന മുഴുവൻ തുകയും ആയതിന്റെ ചെലവും ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ സക്ഷ്യപത്രം ഹാജരാക്കിയില്ല

പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ട് പ്രകാരം (S0072/19) 320000/- രൂപ (ബിൽ നം.36/08.03.2019) ധനകാര്യ ഗ്രാന്റ് ഇനത്തിൽ പിൻവലിച്ച് കേരള വാട്ടർ അതോറിറ്റി, ആലപ്പുഴയിൽ അടച്ചിട്ടുണ്ട്. തുക വിനിയോഗിച്ചതായുള്ള വാട്ടർ അതോറിറ്റിയുടെ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ആയത് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/16.01.2020) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ സെക്രട്ടറി മറുപടി നൽകി. ഈ സാഹചര്യത്തിൽ 320000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 തെരുവ് വിളക്കുകളുടെ എണ്ണം , ഇനം എന്നിവ സംബന്ധിച്ച സംയുക്ത പരിശോധന നടത്തിയില്ല

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജിനത്തിൽ 65274/- രൂപ മാസം തോറും അടയ്ക്കുന്നു. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവയ്ക്കാനുപാതികമായി അടയ്ക്കുന്ന കറണ്ട് ചാർജ്ജിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | മണിക്കൂർ | നിരക്ക് | തുക |
|---|---|---|---|---|
| ഓർഡിനറി ബൾബ്(1x40 ) | 5 | 12 | 73 | 305 |
| ഓർഡിനറി ബൾബ്(1x60 ) | 201 | 12 | 112 | 22512 |
| ഫ്ലൂറസെന്റ് ലാംപ് ട്യൂബ്(1x40 ) | 190 | 12 | 73 | 13870 |
| ഫ്ലൂറസെന്റ് ലാംപ് ട്യൂബ്(2x40 ) | 107 | 12 | 147 | 15729 |
| സോഡിയം വേപ്പർ ലാമ്പ്(1x250) | 18 | 12 | 492 | 8856 |
| സിഎഫ് എൽ ഓട്ടോ(1x18) | 138 | 12 | 29 | 4002 |

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം മാത്രമായി 178 എൽ ഇ ഡി ബൾബുകൾ വാങ്ങി സ്ഥാപിച്ചിരുന്നെങ്കിലും ഇവ ഉൾപ്പെടുത്താതെയാണ് തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് നിശ്ചയിച്ചിട്ടുള്ളത്. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് കെ സ് ഇ ബിയുമായി സംയുക്ത പരിശോധന നടത്തി അതിനാനുപാതികമായുള്ള കറണ്ട് ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പകൽവീട് സംഗമം - സംഗമം നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

ഐ സി ഡിഎസ് സൂപ്പർവൈസർ നടപ്പാക്കിയ പകൽവീട് സംഗമം പ്രോജക്ട് (S0012/19) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മാതൃകാ അങ്കണവാടിയോട് ചേർന്നുള്ള കെട്ടിടത്തിൽ നടന്ന പകൽ വീട് സംഗമത്തിൽ പങ്കെടുത്ത വയോജനങ്ങൾക്ക് ഭക്ഷണം നൽകുന്നതിനും വിവിധ ബോധവത്കരണ ക്ലാസുകൾ നടത്തുന്നതിനും, പത്രം വിതരണം ചെയ്തതിനുമായി 31100/- രൂപ (ബിൽ നം- 7/19.9.18- 7000, 11/24.10.18-4500, 12/27.12.18-8000, 29/26.3.19- 11600)

ചെലവഴിച്ചിരുന്നു. എന്നാൽ പ്രസ്തുത സംഗമത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ടി കെട്ടിടം വൃദ്ധർക്കുള്ള പകൽവീടായി പ്രവർത്തിക്കുന്നത് സംബന്ധിച്ചുള്ള രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.23/21.1.2020) മറുപടിയോ രേഖകളോ ഹാജരാക്കാതിരുന്നതിനാൽ 31100/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായികമത്സരം - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

ഭിന്നശേഷിക്കാരായ കുട്ടികൾകളുടെ കലാകായികമത്സരം പ്രോജക്റ്(നം.192/19) പ്രകാരം മത്സരങ്ങളിൽ പങ്കെടുത്ത കുട്ടികൾക്കുള്ള ഭക്ഷണം, സമ്മാനം എന്നിവയ്ക്കായി 66384/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

a) കായിക മത്സരത്തിൽ പങ്കെടുത്ത കുട്ടികളുടെ രജിസ്ട്രേഷൻ രേഖകൾ, പരിപാടിയിൽ പങ്കെടുത്തവരുടെ ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

b) ഭക്ഷണം വിതരണം ചെയ്തതിനുള്ള തുക കൈപ്പറ്റ് രസീത് പ്രകാരം സ്ഥാപന ഉടമ 300 പേർക്ക് 80/- രൂപാ നിരക്കിൽ ഭക്ഷണം വിതരണം ചെയ്തതിന് 25000/- രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് 25000/- രൂപ നൽകിയിട്ടുമുണ്ട്. എന്നാൽ 300 പേർക്ക് 80/- രൂപ നിരക്കിൽ ഭക്ഷണത്തിന് 24000/- രൂപ മാത്രമേ ചെലവഴിക്കേണ്ടതായിട്ടുള്ളൂ. ഇപ്രകാരം 1000/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

c) കുട്ടികൾക്കുള്ള സമ്മാനമായി വാട്ടർബോട്ടിലുകൾ (50 എണ്ണത്തിന് 280/- രൂപ നിരക്കിൽ) വാങ്ങിയതിന് 14000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവ വിതരണം ചെയ്തതായുള്ള രേഖകൾ ലഭ്യമാക്കിയിരുന്നില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/21.1.2020) മറുപടി ഹാജരാക്കിയില്ല. ഭക്ഷണം ഇനത്തിൽ അധികം ചെലവഴിച്ച 1000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ ഐ സി ഡി എസ് സൂപ്പർവൈസർ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-25 ഒരേ സാമ്പത്തിക വർഷം രണ്ടു പ്രാവശ്യം ലീവ് സറണ്ടർ അനുവദിച്ചു

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പു വിഭാഗം ജീവനക്കാർക്ക് 2018-19 സാമ്പത്തിക വർഷം രണ്ടു പ്രാവശ്യം ലീവ് സറണ്ടർ അനുവദിച്ചു നല്കിയിരുന്നു.

01.04.2017 മുതൽ 31.03.2018 വരെയുള്ള കാലയളവിലേക്ക് ചെക്ക് നമ്പർ 22376/20.04.18 പ്രകാരം 37427/- രൂപയും 01.04.2018 മുതൽ 30.03.2019 വരെയുള്ള കാലയളവിലേക്ക് ബാങ്ക് ഓഫ് ഇന്ത്യയുടെ കൃഷ്ണപുരം ശാഖയിൽ നിന്നും NEFT മുഖേന(032336/31.03.2019) ട്രാൻസ്ഫർ ചെയ്ത് 32919/- രൂപയുമാണ് ജീവനക്കർക്ക് നല്കിയത്. ലീവ് സറണ്ടർ അനുവദിച്ചതിന്റെ വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| ജീവനക്കാരുടെ പേര് | തസ്തിക | 01.04.17മുതൽ 31.03.2018 വരെയുള്ള കാലയളവിൽ | | 01.04.18മുതൽ 30.03.2019വരെയുള്ള കാലയളവിൽ | |
|---|---|---|---|---|---|
| | | സറണ്ടർ ചെയ്ത ദിവസം | അനുവദിച്ച തുക | സറണ്ടർ ചെയ്ത ദിവസം | അനുവദിച്ച തുക |
| ആരാധന | അക്രഡിറ്റഡ് എഞ്ചിനീയർ | 15 | 9677 | 9 | 7258 |
| ഷൈമ | അക്കൗണ്ടന്റ് | 15 | 9250 | 15 | 9250 |
| അപർണ്ണ | അക്കൗണ്ടന്റ് | 15 | 9250 | 15 | 9250 |
| ഷംല | അക്രഡിറ്റഡ്ഓവർസീയർ | 15 | 9250 | 12 | 7161 |

രണ്ടാമതായി ലീവ് സറണ്ടർ അനുവദിക്കുവാൻ മേൽ ജീവനക്കാർ സമർപ്പിച്ച അപേക്ഷയിൽ ഏതു കാലയളവിലേക്കുള്ള അവധിയാണ് സറണ്ടർ ചെയ്യുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലുറപ്പു വിഭാഗം ജീവനക്കാരുടെ സേവന വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സേവന പുസ്തകം സൂക്ഷിക്കുന്നുമില്ല. ഇക്കാരണത്താൽ തന്നെ ലീവ് സറണ്ടറിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

സേവന പുസ്തകം സൂക്ഷിയ്ക്കാത്തതിനും, ഒരേ സാമ്പത്തിക വർഷം തന്നെ രണ്ടു തവണ ലീവ് സറണ്ടർ

അനുവദിച്ചതിനുള്ള കാരണവും വ്യക്തമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.6/17.01.2020 ന് ഉള്ള മറുപടിയിൽ സേവന പുസ്തകം സൂക്ഷിയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും ഒരു സാമ്പത്തിക വർഷം രണ്ടു തവണ സറണ്ടർ ചെയ്യുകയല്ല മറിച്ച് 2017-18 ലെ തുക 2018-19 ൽ വിതരണം ചെയ്യുകയാണുണ്ടായതെന്നും അറിയിച്ചു.

കരാർ ജീവനക്കാരുടെ സേവന വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

### 1-26 2017-18 വർഷം ലഭിച്ച സ്കോളർഷിപ്പ് തുക ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് സിപിൽ ഓവർ പ്രോജക്ട് പ്രകാരം 2017-18 വർഷം ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച 130891/- രൂപയിൽ 119600/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 11291/- രൂപ ജില്ലാപഞ്ചായത്തിൽ തിരികെ അടയ്ക്കേണ്ടതാണ്.

### 1-27 മുൻകൂർ തുക കൈപ്പറ്റിയ സ്ഥാപനം പ്രോജക്ട് പ്രകാരം നൽകിയ തുകയ്ക്ക് മരുന്ന് സപ്ലൈ ചെയ്തിട്ടില്ല.

2018-19 സാമ്പത്തികവർഷം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് നൽകുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് 2,99,690/- (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി അറുനൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപ മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന് വാങ്ങുന്നതിന് വകയിരുത്തിയ തുക | ട്രഷറി ബിൽ നം./ചെക്ക് നം.,തീയതി | സ്ഥാപനത്തിന് നൽകിയ തുക | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|---|
| 07/2019 | പ്രാഥമിക ആശുപത്രിക്കാവശ്യമായ മരുന്ന് വാങ്ങൽ.മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 3,00000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) | 02/18-19 25.12.2018 | 123378 | 123378 | ------- |
| | | | 07/18-19 25.12.2018 | 44212 | 21,937 | 22,275 |
| | | | 10/18-19 20.02.2019 | 1,32,100 | 1,28,734 | 3,366 |
| | | | **ആകെ** | 299690 | 274049 | 25641 |

സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാതിരുന്നാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരികയും ചെയ്യും.

ഗവ. ഏജൻസികളിൽ നിന്നും മരുന്ന് ലഭിക്കുവാൻ കാലതാമസമുണ്ടാകുന്ന ഇത്തരത്തിലുള്ള സാഹചര്യം മറികടക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ/ക്വട്ടേഷൻ വിളിച്ച് പുറമേ നിന്നും മരുന്ന് വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ നം.ഡി.എ.1/840/17 തസ്വഭവ. തീയതി.16.12.2017).

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-28 ലൈഫ് പദ്ധതി - അവലോകനം

എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. ഇതിന്റെ ഒന്നാം ഘടകം 2017-18 കാലയളവിൽ നടപ്പാക്കി. രണ്ടാം ഘടകമായ വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം 2017-18 ൽ ആരംഭിച്ച് 2018-19 ലും തുടർന്നു. ഭൂമിയുള്ള ഭവന രഹിതരായ ജനറൽ

വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്കായി മൂന്ന പദ്ധതികളും, എസ്.സി വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്കായി മൂന്ന പദ്ധതികളും 2018-19 ൽ നടപ്പാക്കി.

1. ലൈഫ് പദ്ധതിയ്ക്കായി 2018-19 കാലയളവിൽ ആകെ ലഭ്യമായതും ചെലവഴിച്ചതുമായ ഫണ്ട്

| വിഭാഗം | | പ്ലാൻ ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഹഡ്ക്കോ വായ്പ |
|---|---|---|---|---|---|
| ജനറൽ | അടങ്കൽ | 4205250 | 1976000 | 1395212 | 21214357 |
| | ചെലവ് | 4205250 | 1976000 | 1395212 | 21214357 |
| എസ്.സി | അടങ്കൽ | 5280000 | 550000 | 749373 | 0 |
| | ചെലവ് | 3356144 | 100000 | 0 | 0 |

**2. 2018-19 ലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവന നിർമ്മാണങ്ങൾ | പൂർത്തീകരിച്ചവയുടെ എണ്ണം | ഭാഗികമായി മാത്രം പൂർത്തിയാക്കിയവ സംബന്ധിച്ച വിവരം | | ഭാഗികമായി മാത്രം പൂർത്തീകരിച്ചവയിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം | യാതൊരു നടപടികളും ആരംഭിക്കാത്തവയുടെ എണ്ണം | | നടപടികൾ ആരംഭിക്കാത്തവ സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം |
|---|---|---|---|---|---|---|---|
| | | ഗുണഭോക്താവിന്റെ പേര് | നല്കിയിട്ടുള്ള തുക | | ഗുണഭോക്താവിന്റെ പേര് | നല്കിയിട്ടുള്ള തുക | |
| 150 | 121 | ഭാരതി | 300000 | ഭരണ സമിതിയുടെ നേതൃത്വത്തിൽ ഗുണഭോക്താക്കളുടെ യോഗം വിളിച്ചു ചേർത്ത് മേൽക്കൂര പൂർത്തീകരിച്ചവർ 30.01.2020 നുള്ളിലും, ലിന്റൽ ഘട്ടത്തിലുള്ളവർ 15.02.2020 നുള്ളിലും പണി പൂർത്തീകരിയ്ക്കുന്നതിനുള്ള നിർദ്ദേശം നല്കി | സമീന | 40000 | ഈ ഗുണഭോക്താക്കളും 31.03.2020 നുള്ളിൽ പ്രവർത്തി പൂർത്തീകരിയ്ക്കണമെന്ന് നിർദ്ദേശം നല്കി |
| | | തങ്കമ്മ | 300000 | | ഓമനയമ്മ | 40000 | |
| | | സുധാകരൻ | 300000 | | മുതാസ് ബീവി | 40000 | |
| | | ശ്രീമതി | 300000 | | | | |
| | | തങ്കമണിയമ്മാൾ | 300000 | | | | |
| | | ഐഷാക്കുട്ടി | 300000 | | | | |
| | | കാർത്യായനി | 300000 | | | | |
| | | ഷീജ | 200000 | | | | |
| | | സുജാത | 260000 | | | | |
| | | റഫീക്ക | 300000 | | | | |
| | | സീനത്ത് | 200000 | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ശോഭന | 300000 | | | | |
| | | ഫാത്തിമാബീവി | 300000 | | | | |
| | | ഇന്ദിര (എസ്.സി) | 300000 | | | | |
| | | ദേവദാസ് (എസ്.സി) | 300000 | | | | |

**3. മാർഗ്ഗ രേഖ ലംഘിച്ച് ഭവന നിർമ്മാണം**

ലൈഫ് ഭവന പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.34/2018/ ത.സ്വ.ഭ.വ തീ.16.03.2018 പ്രകാരം 400 ചതുരശ്രഅടി (37.16 ച.മീറ്റർ) തറ വിസ്തീർണ്ണമുള്ള ഭവനമാണ് ലൈഫ് പദ്ധതിയിൽ നിർമ്മിക്കേണ്ടത്. കാപ്പിൽ കിഴക്ക് തോട്ടത്തിൽ സത്യേന്ദ്രൻ എന്ന ഗുണഭോക്താവിന് ആദ്യ ഗഡുവായ 40,000/- രൂപ 31.03.2018 ൽ അനുവദിച്ചു. തുക കൈപ്പറ്റിയശേഷം സ്ഥല പരിശോധന നടത്തിയതിൽ 800ചതുരശ്ര അടിയുള്ളതുകളിലാണ് നിർമ്മാണം പൂർത്തീകരിച്ചത് എന്ന് വ്യക്തമായി. ഈ ഗുണഭോക്താവിന് തുടർന്നുള്ള ഗഡുക്കൾ നല്കിയിട്ടില്ല. മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായ നിർമ്മാണമായതിനാൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

ഭവന നിർമ്മാണം പൂർത്തീകരിയ്ക്കുവനുള്ളവർക്ക് അർഹമായ എല്ലാ സഹായങ്ങളും ചെയ്ത് സമയബന്ധിതമായി പദ്ധതി ലക്ഷ്യം കൈവരിയ്ക്കേണ്ടതാണ് .

(ഓഡിറ്റ് അന്വേഷണം നം 04/17.01.2020 ന് നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നല്കിയ വിവരങ്ങൾ)

## 1-29 ഇഎംഎസ് ലോൺ -സോഴ്സ് ഡിഡക്ഷൻ പരിഗണിക്കാതെ തുക അടച്ചു

ഗ്രാമ പഞ്ചായത്തിൽ ഇ എം എസ് ഭവന പദ്ധതി പ്രകാരം പുള്ളിക്കണക്ക് SCB 781ൽ നിന്ന് 18.05.2010 ൽ 30,00,000/- രൂപ വായ്പയെടുത്തിരുന്നു. പഞ്ചായത്തിലെ കണക്കുകൾ പ്രകാരം 31.3.2018 ൽ 819578 രൂപയാണ് മുതലിനത്തിലുള്ള കുടിശ്ശിക. 31.3.2018 ലെ സ.ഉ (സാധാ) നം.2999/2018/ധന. സർക്കാർ ഉത്തരവ് പ്രകാരം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വികസനഫണ്ടിന്റെ 3-ാം ഗഡുവിൽ നിന്ന് 819578/- രൂപ ഇ എം എസ് ലോൺ ഇനത്തിൽ സോഴ്സിൽ നിന്ന് കുറവ് ചെയ്തതായി കാണിച്ചിട്ടുണ്ട്. ഇപ്രകാരം സോഴ്സ് ഡിഡക്ഷൻ നടത്തിയിരിക്കെ ഈ ഇനത്തിൽ വീണ്ടും 818650/- രൂപ വികസനഫണ്ടിൽ നിന്ന് പിൻവലിച്ച് പുള്ളിക്കണക്ക് SCB 781ൽ 31.5.2018ൽ അടച്ചിട്ടുണ്ട്. ബാങ്ക് രേഖകൾ പ്രകാരം 31.3.2018 ലെ നീക്കിയിരിപ്പ് 652730/- രൂപ മാത്രമായതിനാൽ ലോൺ ഇനത്തിൽ അധികം അടച്ച 165920/- രൂപ രസീത് നം.11811500015/29.11.18 പ്രകാരം ബാങ്ക് തിരികെ ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ട്. യഥാർത്ഥ ലോൺ കുടിശ്ശിക 652730/- രൂപ മാത്രമായിരിക്കെയാണ് 818650/- രൂപ ലോൺ ഇനത്തിൽ അടവാക്കിയതും ഇതിനുപുറമേ 819578/- രൂപ സ്രോതസ്സിൽ കുറവ് വരുത്തിയതായി കാണിക്കുകയും ചെയ്തിട്ടുള്ളത്. വായ്പ തുക സംബന്ധിച്ച കണക്കുകൾ കൃത്യമാക്കേണ്ടതാണ്. അതോടൊപ്പം സോഴ്സിൽ നിന്ന് തുക കുറവ് കാണിച്ച തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതും കുറവ് ചെയ്തിട്ടുള്ള പക്ഷം വായ്പ ഇനത്തിൽ ബാങ്കിൽ അധികം അടച്ച 819578/- രൂപ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-30 ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ അനുപൂരക പോഷകാഹാരം പ്രോജക്ട് പ്രകാരം ഭക്ഷ്യ ധാന്യങ്ങൾ, കാപ്പിൽ സർവീസ് സഹകരണ ബാങ്ക് സ്റ്റോറിൽ നിന്നും അമൃതം ന്യൂട്രിമിക്സ് ദുർഗ്ഗാലക്ഷ്മി അമൃതം ഫുഡ് പ്രോഡക്ട്സിൽ നിന്നുമാണ് വാങ്ങിയിരുന്നത്. ഭക്ഷ്യ ധാന്യങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വാങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ അളവ് സ്റ്റോക്ക് രജിസ്റ്ററിലേതുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ബിൽ നം/ തീയതി | ബിൽ തുക | ഇനം | വാങ്ങിയ അളവ് (കി.ഗ്രാം) | നിരക്ക് | സ്റ്റോക്ക് രജിസ്റ്ററിലെ അളവ് (കി.ഗ്രാം) | തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 131/2018-19 | 1602/23.8.2018 | 269929 | വെളിച്ചെണ്ണ | 300kg | 225 | 273.01 | 258625 |
| | | | കപ്പലണ്ടി | 178kg | 125 | 173kg | 11304 |
| 9/2018-19 | 39/5.3.18 | 242030 | വെളിച്ചെണ്ണ | 235 | 246 | 213.85 kg | 3/30.5.18-640808 |
| | | | ഉഴുന്ന് | 230 | 85 | 225kg | |
| | 6733/27.12.17 | 215137 | ചെറുപയർ | 207 | 85 | 197 | |
| | 50/23.4.18 | 95175 | അമൃതം ന്യൂട്രിമിക്സ് | 1340.500 കി | 70 | 1323 | |
| | 38/5.3.18 | 88466 | അമൃതം ന്യൂട്രിമിക്സ് | 1246 | 70 | 1340.500 | |
| | 6805/18.06.18 | 247050 | | | | ഭക്ഷ്യസാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല | 5/29.6.18-300484 -ചെക്ക് നം.-7020358/ 28.6.2018-41741 |
| | 61/18.5.18 | 95175 | അമൃതം ന്യൂട്രിമിക്സ് | 1340.500 | 70 | 1323 | |
| | 1613/17.12.18 | 278679 | ചെറുപയർ | 220 | 88 | 225 | ചെക്ക് നം.2416224/ 30.1.2018-269929 |
| | | | വെളിച്ചെണ്ണ | 330 | 200 | 300.3 | |
| | | | കപ്പലണ്ടി | 98 | 125 | 88 | |
| | | | ശർക്കര | 90 | 60 | 95 | |

ഇപ്രകാരം വാങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ കൃത്യമായ വിവരങ്ങളല്ല സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (26/22.01.2020) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അങ്കണവാടികളിലെത്തുന്ന സാധാരണക്കാരായ കുട്ടികൾക്ക് പോഷക സമൃഷ്ടമായ ഭക്ഷണം നൽകുക എന്ന ലക്ഷ്യമാണ് പദ്ധതിക്കുള്ളത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വാങ്ങിയ ഭക്ഷ്യ ധാന്യങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇക്കാരണത്താൽ തന്നെ അങ്കണ വാടികളിൽ വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ വിതരണ സംബന്ധമായി സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാണോയെന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. അതോടൊപ്പം അങ്കണവാടികളിൽ വിതരണം ചെയ്ത ഭക്ഷ്യസാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ ഓവർ ഹെഡ് ചാർജ്ജിനത്തിനുള്ള കുറവ് വരുത്തിയില്ല - 18691/- രൂപയുടെ അധിക ചെലവ്

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും, അങ്ങനെയുള്ള പ്രവൃത്തികളുടെ നികുതി ബാധ്യത ഗുണഭോക്തൃസമിതികൾക്കു തന്നെ ആയിരിക്കുമെന്നും GO(P)30/2016/Fin/29.02.2016-ാം നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. 01.07.2017 മുതൽ വാറ്റിനുപകരം GST നിലവിൽ വന്നതിനാൽ ആയിനത്തിലുള്ള 5% തുക കുറവു ചെയ്ത് ഗുണഭോക്തൃസമിതിക്ക് ഫൈനൽ ബിൽ തുക നൽകിയാൽ മതിയെന്ന് $DB_3$ – 9058/17/CE/LSG/16.03.2018-ാം നമ്പർ കത്തിൽ ചീഫ് എൻജിനീയർ സ്പഷ്ടീകരണം നൽകിയിരുന്നു. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾക്കൊള്ളിച്ചിരുന്നുവെങ്കിലും 5% നികുതി ബാധ്യത ഇതിൽ നിന്നും കുറവ് ചെയ്യാതെ ഫൈനൽ ബിൽ മുഖേന തുക അനുവദിച്ചതിനാൽ 18691/- രൂപയുടെ അധികചെലവുണ്ടായി.

(എ) ഉണക്കയ്യത്ത് മെറ്റലിംഗ് & ടാറിങ്ങ് (പ്രോജക്ട് നം.120/17)

കൺവീനർ : ശ്രീകുമാർ

എഗ്രിമെന്റ് നം. : 51/16-17/31.03.17

മൂല്യനിർണ്ണയതുക : 254945

അളവുപുസ്തകനം. : 20/17-18

ട്രഷറി ബിൽ നം. & തീയതി. : 2/25.05.2018

5% ഓവർഹെഡ് ചാർജ്ജിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്ന തുക – 254945 x 5% = 12747/-

**(ബി) 37-ാം നമ്പർ അങ്കണവാടി 2-ാം ഘട്ട പുനരുദ്ധാരണം (പ്രോജക്ട് നം. 169/19)**

കൺവീനർ : അജിതകുമാരി

എഗ്രിമെന്റ് നം. : 48/17-18/31.03.18

മൂല്യനിർണ്ണയതുക : 118875

അളവുപുസ്തകനം. : 6/17-18

ട്രഷറി ബിൽ നം. & തീയതി. : 31/12.03.2019

5% ഓവർഹെഡ് ചാർജ്ജിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്ന തുക – 118875 x 5% = 5944/-

ഈ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/18.01.2020) ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ അധികമായി നൽകിയ തുക കൺവീനർമാരിൽ നിന്നും തിരിച്ചു പിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി നൽകി. ആകയാൽ അധിക ചെലവുതുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കൺവീനർമാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

### 3-2 ഫില്ലിംഗിന്റെ ടേപ്മെഷർമെന്റ് അളവിൽ നിന്നും നിയമാനുസൃത കുറവു വരുത്താതിരിക്കുകവഴി 14059/- രൂപ അധികചെലവ്

പ്രോജക്ടിന്റെ പേരും, നമ്പരും - പവ്വടത്ത് കോളനി റോഡ് ഫില്ലിംഗ് (71/19)

കരാറുകാരൻ - ശ്രീ.അബ്ദുൽമജീദ്ഖാൻ

എഗ്രിമെന്റ് നം./തീയതി - 5/18-19/01.01.18

മൂല്യനിർണ്ണയതുക - 198021

അളവുപുസ്തക നം. - 12/18-19

ട്രഷറിബിൽ നം./തീയതി - 29/31.12.18

ഈ പ്രവൃത്തിയുടെ 2-ാം ഇനമായി 159.185m$^3$ ഗ്രാവൽ ഫില്ലിംഗിന് 911.34/- രൂപ നിരക്കിൽ 145071.65/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പ്രീമെഷർമെന്റ് നടത്തിയാണ് ഫില്ലിംഗിന് തുക അനുവദിച്ചിട്ടുള്ളത്. ടേപ്പ് മെഷർമെന്റ് വഴിയാണ് ഗ്രാവൽഫില്ലിംഗിന്റെ പ്രീമെഷർമെന്റ് എടുത്തതെങ്കിലും ഇപ്രകാരം കണ്ടെത്തിയ അളവിൽ നിന്നും ടേപ്പ്മെഷർമെന്റ് നടത്തുന്നതുമൂലമുള്ള 10% കുറവ് വരുത്തിയിട്ടില്ല. പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ മറ്റ് ഫില്ലിംഗ് പ്രവൃത്തികളിൽ ടേപ്പ്മെഷർമെന്റ് അളവിൽ നിന്നും 10% കുറവു വരുത്തിയാണ് കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഇപ്രകാരം കുറവു വരുത്താതിരിക്കുകവഴി 14,509/- രൂപയുടെ (15.92 x 911.34) അധികചെലവുണ്ടായി. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/18.01.20) ടേപ്പ്മെഷർമെന്റ് അളവിൽ നിന്നും 10% കുറവു വരുത്തുവാൻ വിട്ടുപോയതാണെന്നും, ഇതുവഴി അധികമായി നൽകിയ 14509/- രൂപ കരാറുകാരന്റെ സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും തിരിച്ചുപിടിക്കുന്നതാണെന്നും അസി.എഞ്ചിനീയർ മറുപടി നൽകി. ആകയാൽ അധിക ചെലവു തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 3-3 പ്രവൃത്തി അധിക അളവിൽ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക പിൻവലിച്ചു - 13080/- രൂപയുടെ അധിക ചെലവ്.

പ്രോജക്ടിന്റെ പേരും നമ്പരും - കാട്ടിൽമുക്ക് - തോണ്ടുതറ ചിറയിൽ കാട്ടിൽ റോഡ്

മെറ്റലിങ്ങും ടാറിങ്ങും (146/19)

കരാറുകാരൻ - ശ്രീ.മനോജ്.ആർ

എഗ്രിമെന്റ് നം./തീയതി - 29/17-18/20.01.18

മൂല്യനിർണ്ണയതുക - 604435.58

അളവുപുസ്തക നം. - 16/18-19

ട്രഷറിബിൽ നം./തീയതി - 30, 40/12.03.19

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 4-ാം ഇനമായി ഉൾപ്പെടുത്തിയിരുന്ന Wetmix meccadam (providing laying, spreading and compacting graded stone ............. and Technical specification code 406) എന്ന വേല 101.7m$^3$ അളവിൽ നിർവ്വഹിച്ചു എന്നാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് (പേജ് നം.5) ഫയലിനിനോടൊപ്പമുള്ള Final level quantity calculation statement ലും ഈ പ്രവൃത്തിയുടെ അളവ് 101.7m$^3$ മാത്രമാണ്. എന്നാൽ മൂല്യനിർണ്ണയം നടത്തിയപ്പോഴാകട്ടെ പ്രസ്തുത പ്രവൃത്തിയുടെ അളവ് 106.06m$^3$ എന്ന് രേഖപ്പെടുത്തി 3000/m$^3$ നിരക്കിൽ 318180/- രൂപ കരാറുകാരന് അനുവദിച്ചു. എന്നാൽ ഇതിലേക്കായി തയ്യാറാക്കിയ ഫൈനൽ ബില്ലിലാകട്ടെ ഈ പ്രവൃത്തി 101.7m$^3$ അളവിൽ നിർവ്വഹിച്ചതായി കാണിച്ച് മൂല്യം 305100/- രൂപ എന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 604435.58/- രൂപ ആണെങ്കിലും Memorandum of payment - ൽ ഇത് 617516/- രൂപ എന്ന് രേഖപ്പെടുത്തി തുക പിൻവലിച്ചിട്ടുണ്ട്. 4-ാം ഇനമായി നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് ഫൈനൽ ലെവൽ കാല്കുലേഷൻ സ്റ്റേറ്റ്മെന്റിലും, അളവുപുസ്തകത്തിലും 101.7m$^3$ മാത്രമായിരിക്കെ 106.06 m$^3$ ന് തുക അനുവദിക്കുകവഴി 13080/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട് (4.36 x 3000). ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് (8/18.1.2020). ഈ പ്രവൃത്തിയുടെ Wetmix mecadam അളവ് ലവൽ കാല്ക്കുലേഷനിലും, അളവു പുസ്തകത്തിലും 101.7m$^3$ ആണെങ്കിലും ബ്ലോക്ക് ഓഫീസിൽ ചെക്ക് മെഷർമെന്റിനായി നൽകിയപ്പോൾ 106.06m$^3$ എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് അധിക തുക നൽകാൻ ഇടയായതെന്ന് അസി.എഞ്ചിനീയർ മറുപടി നൽകി. കരാറുകാരന് അധിമായി നൽകിയ 13080/- രൂപ ടിയാന്റെ സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അധിക ചെലവ് തുകയായ 13080/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരമറിയിക്കാത്തപക്ഷം അധിക ചെലവിന് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായിരിക്കുന്നതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | തറയിൽമുക്ക്-വേണാട്ട്തററോഡ് ടാറിംഗ് | 148483 | 1517 |
| | | 350000 | ചെമ്പകശ്ശേരിമുക്ക്-വേണാട്ട്തറമുക്ക് റോഡ് കോൺക്രീറ്റിംഗ് | 350000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | പാലിയേറ്റീവ് കെയർ | 194095 | 205905 |
| | | 400000 | ബഡ്സ് സ്കൂളിന് ധനസഹായം | 400000 | 0 |
| | | 150000 | ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | | 300000 | പാലിന് സബ്സിഡി | 300000 | 0 |
| | | 2150000 | ലൈഫ് മിഷൻ (ജനറൽ) | 1976000 | 174000 |
| | | 988129 | ലൈഫ് മിഷൻ (എസ്.സി) | 100000 | 888129 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1195212 | ലൈഫ് മിഷൻ (ജനറൽ) | 1195212 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 437244 | ലൈഫ് മിഷൻ (എസ്.സി) | 0 | 437244 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 150000 | ശാരീരികമാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അനുപൂരക പോഷകഹാര പരിപാടി | 89436 | 10564 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | ചെക്ക് നം. | തുക | | തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 72/19 | 320000 | 0 | 320000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 79/19 | 93769 | 93769 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | 747/2010/LSGD dt-5/3/2020 | 14000000 | 653658 | 653658 | 0 | 0 |
| ഹഡ്കോ വായ്പ-ലൈഫ് പദ്ധതി | | | | | | |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-20 | 2008-09 | 3-5-5(എ) | ചെറുകിട വ്യവസായം (പട്ടികജാതി വനിത) | വിജിലൻസ് പരിഗണനയിലാണ്. |

| | | | | | |
|---|---|---|---|---|---|
| 2005-06 | 3-2 | 2008-09 | 3-5-5(ബി) | വനിത ഘടക പദ്ധതികളിലെ ക്രമക്കേടുകൾ | ,, |
| 2005-06 | 3-17 | 2008-09 | 3-5-5(ബി) | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക വിതരണം ചെയ്യാത്തത്. | ,, |
| 2006-07 | 3-1 എ മുതൽ ജെ വരെ | 2009-10 | 2-10 | വിവിധ പദ്ധതികളിലെ ഗുരുതരമായ ക്രമക്കേടുകൾ | വകുപ്പുതല നടപടിയിൽ തീരുമാനമായിട്ടില്ല. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | 2007/ 2008 | 3-4(C) | ശ്രീ. സതീഷ് കുമാർ, വി.ഇ.ഒ, ഗ്രാമ വികസന വകുപ്പ് | LF 5306/sp .cell/csc /B3/2012 /24.12.14 | | | | 58500 | | | 58500 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 97219391 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 88762999 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ------ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 46830 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 351100 |

**(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 18691 | (12747) ശ്രീ.ജിത്തുരാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | (5944) ശ്രീമതി.ഷേർലി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 14059 | ശ്രീ.നന്ദു.ജി.എച്ച്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 13080 | ശ്രീമതി.ഷേർലി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-24 | | 1000 | ശ്രീമതി.കൃഷ്ണപ്രിയ, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| | ആകെ | 46830 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 320000 | ശ്രീമതി.ഡി.എസ്.ആദില, സെക്രട്ടറി |
| 1-23 | 31100 | ശ്രീമതി.കൃഷ്ണപ്രിയ, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| ആകെ | 351100 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-19 | 147589 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

1 – 12

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഡി.എസ്.ആദില, സെക്രട്ടറി | സെക്രട്ടറി, കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | കാവിൽ ഹൌസ്, ആലുംപീടിക, ഓച്ചിറ, കൊല്ലം ജില്ല. |
| ശ്രീ.ജിത്തുരാജ് , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ O/o പ്രോജറ്റ് ഡയറക്ടർ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് , റീബിൻസ് കേരള ഇനിഷ്യേറ്റീവ് സാഫല്യം കോംപ്ലക്സ്, പാളയം, Tvm – 34 | പാരിജാത, റ്റി.ബി 11/135 A155, കനകനഗർ, നന്ദൻകോട്, കവടിയാർ.പി.ഒ, Tvm – 695503 |
| ശ്രീമതി.ഷേർളി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷ്ണപുരം. | തിരുവാതിര. സനാതനപുരം.പി.ഒ ആലപ്പുഴ(3) |
| ശ്രീ.നന്ദു.ജി.എച്ച്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തിരുവനന്തപുരം കോർപ്പറേഷൻ | അമ്പാടി KRA-B16 KURUMOM(PO) KARAMANA, TVPM – 695 002 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജിഎ.5-1832/11/31.01.2012 |
| 1999-00 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05, 2005-06 | എൽ.എഫ്.ജിഎ.5-1577/13/13.05.2014 |

| | |
|---|---|
| | |
| 2006-07 | |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 | എൽ.എഫ്.എ-പി.4-870/2011/03.10.2013 |
| 2011-12, 2012-13 | എൽ.എഫ്.എ-പി.4-1859/14/26.11.2014 |
| 2013-14, 2014-15 | എൽ.എഫ്.എ-പി.4-873/2011/04.08.2015 |
| 2015-16 | എൽ.എഫ്.എ-പി.4-1523/16 |
| 2016-17 | എൽ.എഫ്.എ-പി.4-616/17/15.06.2017 |
| 2017-18 | എൽ.എഫ്.എ-പി.4-/ 147/2019/13.02.2019 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുള്ള അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**അനുബന്ധം - 2**

<table>
<tr><td>1.</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2.</td><td>ഇൻകം & എക്സ്പെൻഡിച്ചർ</td></tr>
<tr><td>3.</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ